15076
1/10/16

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് – ചെറുകിട നാമമാത്ര കർഷകർക്കുള്ള പെൻഷൻ പദ്ധതി - പ്രതിമാസ പെൻഷൻ -1000 രൂപയായി പുതുക്കി നിശ്ചയിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

====================================================================

**കൃഷി (ആസൂത്രണം-ബി) വകുപ്പ്**

സ.ഉ(എം.എസ്) നമ്പർ. 133/16/കൃഷി തീയതി, തിരുവനന്തപുരം 26.09.2016

====================================================================

പരാമർശം:- 1)25.06.2014 ലെ ജി.ഒ(എം.എസ്) 147/14/കൃഷി

2) കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 06.09.2016-ലെ ടി.എസ്(1)/10032/2012 നമ്പർ കത്ത്.

**ഉത്തരവ്**

കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനോടൊപ്പം കർഷ ക്ഷേമവും ഉറപ്പാക്കുന്നതിന്റെ ഭാഗമായി 60 വയസ്സ് തികഞ്ഞ 2 ഹെക്ടറിൽ താഴെ കൃഷി ഭൂമിയുള്ള സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്ക് പരാമർശം ഒന്ന് ഉത്തരവ് പ്രകാരം 01.04.2014 മുതൽ പ്രാബല്യത്തിൽ പ്രതിമാസം 600 രൂപ പെൻഷൻ നിശ്ചയിച്ച് ഉത്തരവായിരുന്നു. പരാമർശം രണ്ട് പ്രകാരം സംസ്ഥാനത്തെ ചെറുകിട നാമമാത്ര കർഷകർക്കുള്ള നിലവിലെ പ്രതിമാസ പെൻഷൻ തുക 600 രൂപയിൽ നിന്നും 1000 രൂപയായി വർദ്ധിപ്പിക്കണമെന്ന് കൃഷി ഡയറക്ടർ സർക്കാരിൽ ശുപാർശ സമർപ്പിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചെറുകിട നാമമാത്ര കർഷകർക്കുള്ള പ്രതിമാസ പെൻഷൻ 01.06.2016 പ്രാബല്ല്യത്തിൽ 1000 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

സുരേഷ് കുമാർ .വി.എസ്

അഡീഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷികവികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരളം.

എല്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും

ധനകാര്യ (അഗ്രി ബി) വകുപ്പ് (അഗ്രി ബി1/173/16/ധന പ്രകാരം)

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി)

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

S. [signature]

സെക്ഷൻ ഓഫീസർ